II ഇ.ബി. XIII- കേരള നിയമസഭ/XI-1

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ജൂൺ 09, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ.ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

1(*1) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ദേശീയ ഗെയിംസ് നടത്തുവാനുള്ള തീയതി തീരുമാനിച്ച് അറിയിക്കേണ്ടത് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനാണെന്നും 2015 ജനുവരിയോടെ നാഷണൽ ഗെയിംസ് നടത്താമെന്ന് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനെ സംസ്ഥാന സർക്കാർ

അറിയിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ഭൂരിഭാഗം നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വർക്കിംഗ് ചെയർമാനായ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഓരോ ആഴ്ചയിലും നിർമ്മാണ പുരോഗതി കൃത്യമായി വിലയിരുത്തുകയും അടിയന്തരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും ഘട്ടത്തിൽ ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് കണ്ടെത്തുന്ന പദ്ധതികൾ പ്രത്യേകമായി കണ്ടെത്തി ആ പ്രവൃത്തികളെ 'മിഷൻ മോഡ്' പദ്ധതികളായി പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിന്റെ വേദികളാകുന്ന കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് , കേരളത്തിലെ ഏറ്റവും വലിയ ഇൻഡോർ സ്റ്റേഡിയം- മുണ്ടയാട് കണ്ണൂർ , അന്താരാഷ്ട്ര നിലവാരമുള്ള സ്ക്വാഷ് കോർട്ട്- പാളയം

തിരുവനന്തപുരം , കേരളത്തിലെ ആദ്യ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം കൊല്ലം, കേരളത്തിലെ ആദ്യ ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംഗ് റേഞ്ച്- രാമവർമ്മപുരം, തൃശ്ശൂർ , സർക്കാർ മേഖലയിലെ ആദ്യ സിന്തറ്റിക് ടെന്നീസ് അക്കാഡമി- കുമാരപുരം, തിരുവനന്തപുരം., അന്താരാഷ്ട്ര നിലവാരമുള്ള ഷൂട്ടിംഗ് റേഞ്ച്- വട്ടിയൂർക്കാവ് , അന്തർദേശീയ നിലവാരമുള്ള കേരളത്തിലെ ഏറ്റവും വലിയ ഫുട്ബോൾ & ക്രിക്കറ്റ് സ്റ്റേഡിയമായ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം മിഷൻ 676 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഗെയിംസിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും പുതിയ കായിക സംസ്കാരത്തിന്റെ സൃഷ്ടിക്കായും 2014 ഒക്ടോബറിൽ 7000 കേന്ദ്രങ്ങളിൽ ഒരു കോടി ജനങ്ങൾ പങ്കെടുക്കുന്ന കൂട്ടയോട്ടം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. നാഷണൽ ഗെയിംസ് ആക്ഷേപരഹിതമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികൾ കൺവീനർമാരായ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഗെയിംസ് നടത്തുന്നതിനുള്ള ഇടവേള നാല് വർഷമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. സംസ്ഥാനത്തെ കായികതാരങ്ങൾക്ക് ആവശ്യമായ

കായികോപകരണങ്ങൾ വാങ്ങുന്നതിന് 35 കോടി രൂപ മാറ്റിവയ്ക്കുന്നതും ഗെയിംസ് വില്ലേജുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തുന്നതുമാണ്. മിടുക്കൻമാരായ കായികതാരങ്ങളെ വിദേശത്ത് അയച്ച് വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വീട് വച്ചുകൊടുക്കുന്നതുൾപ്പെടെ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. കായികരംഗത്ത് മുൻപന്തിയിലെത്തുന്ന നൂറ് കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതും കായികതാരങ്ങളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് തുടർപരിശീലനം ലഭ്യമാക്കുന്നതും ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട സ്റ്റേഡിയങ്ങളുടെ തുടർസംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*2) <u>മിഷൻ 676</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, മിഷൻ 676 -ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണെന്നും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ്

ചെയർമാനും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശയും നൽകുന്നതാണെന്നും സഭയെ അറിയിച്ചു. 12-ാം പഞ്ചവത്സര പദ്ധതിയുടെ 3-ാം വർഷത്തെ (2014-2015) പ്രോഗ്രാം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സമ്മറി ഡോക്കുമെന്റിൽ പദ്ധതികളും അവ നടപ്പിലാക്കുന്ന ഏജൻസികളേയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരേയും സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ബജറ്റ് രേഖയുടെ ഭാഗമായ ഈ സമ്മറി ഡോക്കുമെന്റ് അനുസരിച്ച് പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നുണ്ട്. മിഷൻ 676-ൽ ഉൾപ്പെട്ട നവരത്ന പദ്ധതിയിൽ കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടം 2015 ഡിസംബർ - 2016 ജനുവരി മാസത്തിലും സ്മാർട്ട് സിറ്റിയുടെ ഒന്നാം ഘട്ടം 2015 മാർച്ച് 25-നും കമ്മീഷൻ ചെയ്യുന്നതാണ്. വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ നടപടികളും കണ്ണൂർ വിമാനത്താവള നിർമ്മാണവും കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണവും പൂർത്തിയായിവരുന്നു. തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ഇൻഡ്യൻ റെയിൽവേയുടെ സഹകരണത്തോടെ സബർബൻ

റെയിൽവേ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥി സംരംഭക പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. സർക്കാർ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അഞ്ചിന പരിപാടികളും വിവിധ വകുപ്പുകളിൽ നടപ്പിലാക്കാൻ കഴിയുന്ന സ്കീമുകളും കണ്ടെത്തി മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണ്. വികസനക്ഷേമ സേവന ദൗത്യമായ മുപ്പതിന പരിപാടിയിൽ ഉൾപ്പെടുത്തി തലസ്ഥാന നഗര വികസന പദ്ധതി നടപ്പാക്കുന്നതാണെന്നും തിരുവനന്തപുരം മോണോറെയിൽ പദ്ധതിക്കുവേണ്ടി ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 335 വരെയുള്ള ചോദ്യങ്ങളിൽ 98 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)